LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ പൂർണ്ണമായും സ്കൂളിലെത്തിക്കുവാനായി എസ്.ടി. പ്രൊമോട്ടർമാർ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബോധവൽക്കരണം നടത്തി സ്കൂളുകൾ തുറക്കുന്നതിനുമുൻപ് തന്നെ ശക്തമായ ഇടപെടലുകൾ നടത്തിയിരുന്നു. യാത്രാക്ലേശം രൂക്ഷമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി 2013-14 അദ്ധ്യയന വർഷം മുതൽ 'ഗോത്രസാരഥി' എന്ന പദ്ധതി നടപ്പാക്കിവരുന്നു. വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കുന്നതിനായി പ്രീമെട്രിക് ഹോസ്റ്റലുകൾ എം.ആർ.എസ്സുകൾ എന്നിവയും ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഏകാധ്യാപക സ്കൂളുകൾ, പെരിപ്പതറ്റിക് സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ ആരംഭത്തിൽതന്നെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും വിതരണം ചെയ്യുവരുന്നു. കൂടാതെ 75 ശതമാനത്തിൽ അധികം ഹാജരുള്ള ലോവർ പ്രൈമറി വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥി കളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റും നൽകിവരുന്നു.

(ബി) നടപ്പു അദ്ധ്യയന വർഷാരംഭം മുതൽക്കും ചില സ്കൂളുകളിലൊഴികെ തൊണ്ണൂറ് ശതമാനത്തിലധികം പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഹാജരായിട്ടുണ്ട്. ഇനിയും സ്കൂളുകളിൽ എത്താത്ത കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹാജർ വിശദാംശങ്ങൾ പട്ടിക വർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്കൂൾ പ്രായത്തിലുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് രക്ഷിതാക്കൾ വിമുഖത കാട്ടുന്നതിനാലാണ് ചില സ്കൂളുകളിലെങ്കിലും മുഴുവൻ കുട്ടികളെയും എത്തിക്കാൻ കഴിയാതെ വരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ കൂടി വിദ്യാലയങ്ങളിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ

213 (8049) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള എത്ര ഐ.ടി.ഐ.-കൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൈമാറിയ ഐ.ടി.ഐ. കളിലെ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വകുപ്പിൻ കീഴിലുള്ള 2 ഐ.ടി.ഐ.-കൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൈമാറിയ ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് തൊഴിൽ വകുപ്പുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതാണ്. പ്രവേശനം സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

അട്ടപ്പാടിയിൽ ഐ.റ്റി.ഡി.പി. ഓഫീസ്

214 (8050) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു മാത്രമായി ഐ.റ്റി.ഡി.പി. ഓഫീസ് രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ഷോളയാർ ഗിരിജൻ സൊസൈറ്റിക്ക് ധനസഹായം

215 (8051) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്കു ശമ്പളം നൽകുന്നതിനും കൃഷി, വനവിഭവങ്ങൾ ശേഖരിയ്ക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയാത്ത വിധത്തിൽ ഷോളയാർ ഗിരിജൻ സൊസൈറ്റി സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly